"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- വളവന്നൂർ ഗ്രാമപഞ്ചായത്ത്-പഞ്ചായത്ത് ഭരണ സമിതിയുടെ 03.06.2019 ലെ 12(1)ാം നമ്പർ തീരുമാനം, 03.07.2019 ലെ 2(1) ാം നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 191(2)(1)ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1511/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/08/2020

---

പരാമർശം:- 1 വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.06.2019 ലെ 12(1) നമ്പർ തീരുമാനം

2 വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.07.2019 ലെ 2(1) നമ്പർ തീരുമാനം

3 വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.07.2019 ല എ3-1820/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നൽകിയ അപേക്ഷ നിലവിലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുകയും എൽ.എസ്.ജി.ഡി എഞ്ചിനീയർ സാങ്കേതിക പരിശോധന നടത്തി നിർമ്മാണാനുമതി നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ടെലികമ്മ്യൂണിക്കേഷൻ ടവറിന് നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് സെക്രട്ടറി തീരുമാനിക്കുകയുണ്ടായി. എന്നാൽ വളവന്നൂർ പഞ്ചായത്തിലെ ജനങ്ങൾ നിരവധി ടവർ നിർമ്മാണങ്ങൾക്കെതിരെ പരാതി ഉന്നയിക്കുകയും തടസ്സം നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്ത് അതിർത്തിയിൽ യാതൊരു വിധ ടവർ നിർമ്മാണത്തിനും അനുമതി നൽകരുതെന്ന് പരാമർശം (1) പ്രകാരം ഭരണ സമിതി തീരുമാനിക്കുകയുണ്ടായി. ടി തീരുമാനം 2011ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 118 മുതൽ 130 വരെ യുള്ള ചട്ടങ്ങൾ പ്രകാരം നിയമവിരുദ്ധമായതിനാൽ ആയത് പുന:പരിശോധിക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ഭരണ സമിതിക്ക് ജനങ്ങൾക്കൊപ്പം നിൽക്കാനേ സാധിക്കുകയുള്ളുവെന്നും ആയതിനാൽ പഞ്ചായത്ത് അതിർത്തിയിൽ യാതൊരു കാരണവശാലും ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് നിർമ്മാണാനുമതി നൽകരുതെന്ന തീരുമാനം പിൻവലിക്കേണ്ടെന്ന് പരാമർശം (2) തീരുമാനിക്കുകയും ചെയ്യുകയുണ്ടായി . തുടർന്ന് പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പരാമർശം(3) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നതിനാലും സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിലുമാണ് കെട്ടിടനിർമ്മാണാനുമതി നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തീരുമാനമെടുത്തിട്ടുള്ളത്. കൂടാതെ 7/03/2013ലെ 73816/ആർഡി3/12/തസ്വഭവ , സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ പ്രകാരമുള്ള ലംഘനമുണ്ടെന്ന റിപ്പോർട്ട് കൂടാതെ നിലവിലുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ല.

മേൽ സാഹചര്യത്തിൽ വളവന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1),(2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 191(2)(1) ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജുകുമാർ എൻ**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്. വഞ്ചിയൂർ ,തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, വളവന്നൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള , തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം( ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ